LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് കോപ്പിയടി നടത്തിയത് സംബന്ധിച്ച് നടപടി

80 [1490] ശ്രീ. റ്റി. വി. ചന്ദ്രമോഹൻ:

" പി. ജെ. ജോയി:

" കെ. എ. ചന്ദ്രൻ:

" എം. പി. ഗംഗാധരൻ:

" എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ പരീക്ഷയ്ക്ക് കോപ്പിയടി നടത്തിയത് സംബന്ധിച്ച് എത്ര റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

(ബി) കോപ്പിയടി നടത്തിയതിന്റെ പേരിൽ എത്ര വിദ്യാർത്ഥികളുടെമേൽ നടപടിയെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 16 റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(ബി) കോപ്പിയടി നടത്തിയെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 66 കുട്ടികളുടെ റിസൾട്ട് തടഞ്ഞുവച്ചിട്ടുണ്ട്.

2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ വിദ്യാഭ്യാസത്തിന് ചെലവഴിച്ച തുക

81 [1491] ശ്രീ. സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി, ഹൈസ്ക്കൂൾ, ഹയർസെക്കന്ററി, കോളേജ് തലങ്ങളിൽ വിദ്യാഭ്യാസത്തിനുവേണ്ടി 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ചെലവഴിച്ച തുക പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്ക് എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസത്തിന് 3.5 ശതമാനത്തിന് പകരം 6 ശതമാനം വിഹിതം നീക്കിവച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വിദ്യാഭ്യാസത്തിന്റെ ഏതെല്ലാം മേഖലക്കാണ് കൂടുതൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-2002

(രൂപ ലക്ഷത്തിൽ)

പ്രൈമറി	..	104659.00
ഹൈസ്ക്കൂൾ	..	75580.00
ഹയർ സെക്കന്ററി	..	5094.00
വൊക്കേഷണൽ ഹയർ സെക്കന്ററി	..	2833.00

കോളേജ് തലം—വിവരം ശേഖരിച്ചുവരുന്നു.

2002-2003

(രൂപ ലക്ഷത്തിൽ)

പ്രൈമറി	..	123687.00
ഹൈസ്ക്കൂൾ	..	95721.00
ഹയർ സെക്കന്ററി	..	10126.00
വൊക്കേഷണൽ ഹയർ സെക്കന്ററി	..	5828.00

കോളേജ് തലം—വിവരം ശേഖരിച്ചുവരുന്നു.

2003-2004

(രൂപ ലക്ഷത്തിൽ)

പ്രൈമറി	..	147149.00
ഹൈസ്ക്കൂൾ	..	113721.00
ഹയർ സെക്കന്ററി	..	20005.00
വൊക്കേഷണൽ ഹയർ സെക്കന്ററി	..	5091.00

കോളേജ് തലം—വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നുണ്ട്. എത്രത്തോളം പ്രയോജനപ്പെട്ടു എന്ന കാര്യത്തിൽ പ്രത്യേക അവലോകനം നടത്തിയിട്ടില്ല.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ പഠനം, ശാസ്ത്രപഠനം, (ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗം) വികലാംഗ കുട്ടികളുടെ വിദ്യാഭ്യാസം എന്നീ മേഖലകൾക്കാണ് കൂടുതൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly